(സി) അതിർത്തി നിർണ്ണയം എപ്പോഴൊക്കെ ആകാം എന്നതിൽ തീരുമാനം എടുക്കുന്നതിന് അധികാരം നൽകുക.

(ഡി) ഇല്ല.

(ഇ) ജില്ലാ ആസൂത്രണ സമിതികളിൽ ഗ്രാമ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും പ്രാതിനിധ്യം നൽകുന്നതിനുവേണ്ട വ്യവസ്ഥകൾ ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

101 (2257) ഭവന നിർമ്മാണ വായ്പയിലെ ക്രമക്കേട്

<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി കൊടുമൺ പഞ്ചായത്തിലെ എരുത്വാകുന്നിൽ ജയ ഭവനത്തിൽ ശ്രീ. റ്റി.സി. രാഘവന്റെ കുടുംബത്തിന് മൈത്രീഭവന പദ്ധതി പ്രകാരം 1999-2000 വർഷത്തിൽ വീടുവയ്ക്കാൻ തുക അനുവദിക്കുന്നതിന് ഗ്രാമ പഞ്ചായത്തോ ഗ്രാമസഭയോ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ശ്രീ. രാഘവന്റെ ഭാര്യ കമലമ്മയ്ക്ക് 1990-ൽ പറക്കോട് ബ്ലോക്കിൽനിന്നും ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി വീട് വയ്ക്കാൻ സഹായം നൽകിയിട്ടുണ്ടോ;

(സി) ഇതേക്കുറിച്ച് ഗ്രാമസഭയിലോ മറ്റേതെങ്കിലും അധികാര സ്ഥാനങ്ങളിലോ ആരെങ്കിലും പരാതിപ്പെട്ടിരുന്നോ; എങ്കിൽ വിശദമാക്കുമോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു.

(ഡി) ഒരേ ആനുകൂല്യം സർക്കാരിന്റെ വിവിധ പദ്ധതികളിൽനിന്ന് ഒന്നിലധികം തവണ കൈപ്പറ്റുന്നത് കുറ്റകരമാണോ;

(ഇ) ഇക്കാര്യത്തിൽ കൊടുമൺ ഗ്രാമ പഞ്ചായത്ത് ആവശ്യമായ അന്വേഷണം നടത്തിയാണോ ഗുണഭോക്താവിനെ തെരഞ്ഞെടുത്തത് എന്ന് അറിയിക്കുമോ;

(എഫ്) ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോ;

(ജി) ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണത്തിന് ഉത്തരവ് നൽകുമോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ)മുതൽ(ജി)വരെ വിവരം ശേഖരിച്ചുവരുന്നു.

102 (2258) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

<u>ശ്രീ. കെ. മുഹമ്മദാലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിയമാനുസൃതമായ അകലം പാലിക്കാതെ ദേശീയപാതകളുടെയും പ്രധാന റോഡുകളുടെയും അരികിലും പുറമ്പോക്കുകൾ കയ്യേറിയും നടത്തുന്ന കെട്ടിട നിർമ്മാണങ്ങൾ തടയുവാൻ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ;

(സി) അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പിന്നീട് അംഗീകാരം നൽകിവരുന്ന നടപടി നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായിത്തീരും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ നടപടി അവസാനിപ്പിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃത കെട്ടിട നിർമ്മാണങ്ങൾ അപ്പപ്പോൾ കണ്ടുപിടിക്കുന്നതിനും അവയ്ക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിനുമായി വ്യക്തവും വിശദവുമായ മാർഗ്ഗനിർദ്ദേശങ്ങൾ 7.8.99-ലെ സർക്കുലർ നം.35071/ഇ3/99/തഭവ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകിയിട്ടുണ്ട്. ടി സർക്കുലറിന്റെ ഒരു പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) ബാധകമല്ല.

103 (2259) ആഡിറ്റ് കമ്മിഷൻ

ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ആഡിറ്റ് കമ്മിഷൻ" എന്ന് പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഇതിന്റെ ഘടന വിശദമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളുടെ ആഡിറ്റാണ് 'ആഡിറ്റ് കമ്മിഷന്റെ' പരിധിയിൽ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ഇപ്പോൾ ഏത് വകുപ്പാണ് നിർവഹിക്കുന്നത്;

(ഇ) ഏത് വർഷത്തിലാണ് പ്രസ്തുത വകുപ്പ് രൂപീകരിച്ചതെന്നും ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണെന്നും വിശദമാക്കുമോ;

(എഫ്) ആ വകുപ്പിലെ ജീവനക്കാർക്ക് എന്തെല്ലാം ടെസ്റ്റുകൾ പാസ്സാകേണ്ടതുണ്ട് എന്നും അവർ എത്ര കാലത്തെ ട്രെയിനിംഗിന് വിധേയമാകേണ്ടതുണ്ട് എന്നും അറിയിക്കുമോ;

(ജി) ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ് നിർവഹിക്കുന്ന മറ്റേതെങ്കിലും ആഡിറ്റ് ഏജൻസികളിലെ ജീവനക്കാർക്ക് ഈ യോഗ്യത നിർബന്ധിതമാക്കിയിട്ടുണ്ടോ;

---

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVII (2)

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 68 (2216) ന്റെ ഉത്തരം കാണുക)

WB assisted ICDS Phase III Projects 23

Sl.No.	*Name of Projects*	*District*	*No.of AWCs*
1.	Vellanad	Thiruvananthapuram	207
2.	Parassala	Thiruvananthapuram	171
3.	Mukhathala	Kollam	254
4.	Kollam Punalur(U)	Kollam	186
5.	Koippuram	Pathanamthitta	122
6.	Ettumannoor	Kottayam	191
7.	Erattupetta	Kottayam	98
8.	Uzhavoor	Kottayam	144
9.	Alangad	Ernakulam	114
10.	Angamaly	Ernakulam	180
11.	Kothamangalam	Ernakulam	151
12.	Edappally	Ernakulam	87
13.	Moovattupuzha	Ernakulam	137
14.	Palluruthy	Ernakulam	58
15.	Cherppu	Trissur	181
16.	Kodungalloor	Trissur	94
17.	Kodakara	Trissur	196
18.	Mathilakam	Trissur	137
19.	Malappuram(U)	Malappuram	158
20.	Kozhikode(U-III)	Kozhikode	167
21.	Thodannoor	Kozhikode	119
22.	Thuneri	Kozhikode	126
23.	Vadakara	Kozhikode	114
	Total		*3392*

അനുബന്ധം XVIII

13-3-2000 ത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 102 (2258) ന്റെ ഉത്തരം കാണുക

കേരള സർക്കാർ

തദ്ദേശ ഭരണ (ഇ) വകുപ്പ്

35071/ഇ3/99/തഭവ. തിരുവനന്തപുരം

തീയതി : 7.8.1999

സർക്കുലർ

വിഷയം : - അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1147/2010.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ബന്ധപ്പെട്ട തദ്ദേശ ഭരണ അധികൃതരുടെ അനുമതി കൂടാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചും, അനുമതി ലഭിച്ചതിനു ശേഷം അതിൽ നിന്ന് വ്യതിചലിച്ചുകൊണ്ടും കെട്ടിട നിർമ്മാണം നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ നിലവിലുള്ള സ്ഥലങ്ങളിൽ അവ ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മിക്കവാറും രാത്രികാലങ്ങളിലും സർക്കാരാഫീസുകൾ അവധിയായിരിക്കുന്ന ദിവസങ്ങളിലുമാണ് നടത്തുന്നതായി കാണുന്നത്. അനധികൃത നിർമ്മാണത്തിന്റെ ഒരു നല്ല ഭാഗം പൂർത്തീകരിച്ചശേഷം റിപ്പയർ നടത്തുകയെന്ന പേരിൽ കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും, അതിന്റെ മറവിൽ ബാക്കി പണികളും പൂർത്തീകരിക്കുകയും ചെയ്യുന്നതായും കാണുന്നു. അനധികൃത നിർമ്മാണങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നതോടൊപ്പം തന്നെ റോഡു വികസനം, നഗരവികസന പദ്ധതികൾ എന്നിവയെ പരാജയപ്പെടുത്തുകയും ചെയ്യുന്നു. അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ വ്യവസ്ഥകളുണ്ടെങ്കിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ പലപ്പോഴും ഫലപ്രദമായ നടപടികൾ പലതിലും സ്വീകരിച്ചു കാണാറില്ല. ഇത്തരം നിയമലംഘനങ്ങൾ സർക്കാരിനും പൊതുജനങ്ങൾക്കും വളരെയധികം പ്രയാസങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

1. അനധികൃത നിർമ്മാണം കണ്ടുപിടിക്കുന്നതിന് അവധി ദിവസങ്ങളിൽ പ്രത്യേകമായി ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടതാണ്.

2. രാത്രി കാലങ്ങളിൽ നടക്കുന്ന അനധികൃത നിർമ്മാണത്തെപ്പറ്റി വിവരം ലഭിച്ചാൽ പോലീസുമായി ബന്ധപ്പെട്ട് നിർമ്മാണം തടയുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതാണ്.

3. രാത്രികാലങ്ങളിലും ഒഴിവു ദിവസങ്ങളിലും മേൽപ്പറഞ്ഞ പ്രകാരം ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാർക്ക് കോംപൻസേഷൻ അവധി നൽകാവുന്നതാണ്.

4. അനധികൃത നിർമ്മാണത്തെപ്പറ്റിയുള്ള വിവരം തരുന്ന ആളിന്റെ പേര്, മേൽവിലാസം (വെളിപ്പെടുത്തണമെന്ന് നിർബന്ധമില്ല) റിപ്പോർട്ടു ചെയ്ത സമയം, റിപ്പോർട്ട് സ്വീകരിച്ച ഉദ്യോഗസ്ഥന്റെ പേര്, റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് സ്വീകരിച്ച നടപടി എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

5. തിങ്കൾ മുതൽ ഞായർ വരെയുള്ള ഓരോ ആഴ്ചയിലും കണ്ടുപിടിക്കപ്പെടുന്ന അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് (ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ നിർദ്ദേശിക്കുന്ന) ഒരു സ്റ്റേറ്റുമെന്റ് ഓരോ മുനിസിപ്പാലിറ്റിയും ബന്ധപ്പെട്ട മുനിസിപ്പൽ ജോയിന്റ് ഡയറക്ടർക്കും ഓരോ പഞ്ചായത്തും ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും തൊട്ടടുത്ത ചൊവ്വാഴ്ച ദിവസം വൈകുന്നേരം നാലു മണിക്കു മുൻപ് സമർപ്പിക്കേണ്ടതാണ്.

6. കോഴിക്കോട് കോർപ്പറേഷൻ, കൊച്ചി കോർപ്പറേഷൻ, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവ തദ്ദേശ ഭരണ വകുപ്പ് വിജിലൻസ് ജോയിന്റ് സെക്രട്ടറിക്ക് പ്രസ്തുത സ്റ്റേറ്റുമെന്റുകൾ സമർപ്പിക്കേണ്ടതാണ്.

7. മേഖലാ ജോയിന്റ് ഡയറക്ടർമാർ/പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാർ അവർക്കു ലഭിക്കുന്ന സ്റ്റേറ്റുമെന്റുകളുടെ അടിസ്ഥാനത്തിൽ അനധി

LIBRARY ARCHIVES Kerala Legislative Assembly

കൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ എല്ലാ മുനിസിപ്പാലിറ്റികൾക്കും/എല്ലാ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുകയും നടപടി സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യണം.

8. മുനിസിപ്പാലിറ്റികളിൽ/പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രതിമാസ റിപ്പോർട്ട് എല്ലാ മാസവും അഞ്ചാം തീയതി മുനിസിപ്പൽ ജോയിന്റ് ഡയറക്ടർമാർ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് ജോയിന്റ് സെക്രട്ടറിക്ക് അയച്ചുതരേണ്ടതാണ്.

9. അനധികൃത നിർമ്മാണം കണ്ടുപിടിക്കപ്പെട്ടാൽ സ്ഥലം ഉടമയ്ക്ക് എതിരെ കൈക്കൊള്ളുന്ന നടപടികളെക്കുറിച്ച് നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ബോദ്ധ്യപ്പെടുത്തേണ്ടതും അവർ കേൾക്കാതെ വന്നാൽ അവരുടെമേൽ നിയമപരമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

10. ഇപ്രകാരം കണ്ടുപിടിക്കപ്പെട്ട കേസ്സുകളിൽ നിയമാനുസൃതമായ നടപടികൾ മൂന്നു ദിവസത്തിനകം കൈക്കൊള്ളേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ സമർപ്പിക്കുന്ന സ്റ്റേറ്റുമെന്റിൽ വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

11. കെട്ടിട നിർമ്മാണ ചട്ടങ്ങളിൻമേലുള്ള ലംഘനം മാത്രമല്ല അതുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ ആരോഗ്യപരമായ കാര്യങ്ങളിൽ സ്പർശിക്കത്തക്ക രീതിയിൽ കാണപ്പെടുന്ന കേസ്സുകളിൻമേൽ ഉടൻ തന്നെ ആവശ്യമായ റിപ്പോർട്ട് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഹെൽത്ത് വിഭാഗത്തിന് നൽകേണ്ടതും അവർ സ്വീകരിക്കുന്ന നടപടി സസൂക്ഷ്മം വീക്ഷിക്കുകയും അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

12. മേൽപ്പറഞ്ഞ കേസ്സുകളിൻമേൽ കെട്ടിടമുടമകൾ കോടതിയിൽ നിന്നും വാങ്ങുന്ന സ്റ്റേ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് സ്റ്റാന്റിംഗ് കൗൺസിൽ എടുത്ത നടപടി, എതിർവാങ്മൂലം ഫയൽ ചെയ്ത തീയതി, പ്രോസിക്യൂഷൻ കേസുകളിൽ കേസ്സുവിവരം തുടങ്ങിയവയും സ്റ്റേറ്റുമെന്റിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

13. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് അനധികൃതമായി നടത്തുന്ന നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുമ്പോൾ അതിനെതിരെ സ്റ്റേ ഉത്തരവ് നൽകുവാനോ പ്രസ്തുത കേസ്സുകളിൻമേലുള്ള അനന്തര നടപടികൾ വേണ്ടെന്നു വയ്ക്കുവാനോ ഉള്ള അധികാരം കോർപ്പറേഷനുകളിൽ/മുനിസിപ്പാലിറ്റികളിൽ/പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുള്ള ഒരു കമ്മിറ്റിക്കും നിയമാനുസരണം നൽകിയിട്ടില്ല എന്ന വസ്തുത കണക്കിലെടുത്ത്, അപ്രകാരമുള്ള നടപടികൾ ഏതെങ്കിലും ഭാഗത്തുനിന്നും ഉണ്ടായാൽ അവ അവഗണിക്കേണ്ടതും നിയമാനുസൃത നടപടികൾ കാലതാമസം ഒഴിവാക്കി കൈക്കൊള്ളേണ്ടതുമാണ്.

14. ഏതെങ്കിലും അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരം സ്റ്റേറ്റുമെന്റിൽ രേഖപ്പെടുത്തേണ്ടതാണ്.

15. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരാതിർത്തിക്കുള്ളിൽ, ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ലൈസൻസും പ്രസ്തുത സ്ഥാപനം അംഗീകരിച്ചു നൽകിയ പ്ലാനുമില്ലാതെയോ, അംഗീകൃത പ്ലാനിൽനിന്നും വ്യതിചലിച്ചു നടത്തുന്നതോ ആയ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും അനധികൃത നിർമ്മാ

LIBRARY ARCHIVES Kerala Legislative Assembly

ണമായി കണക്കാക്കുന്നതാണ്. അംഗീകൃത ലൈസൻസും പ്ലാനും പണിസ്ഥലത്തു ലഭ്യമാക്കുവാൻ കെട്ടിടമുടമസ്ഥൻ ബാദ്ധ്യസ്ഥനാണ്.

16. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന ലൈസൻസ് ഹോൾഡേഴ്സിന്റെ സഹായമില്ലാതെ അനധികൃത നിർമ്മാണവും ചട്ടം ലംഘിച്ചുള്ള നിർമ്മാണവും നടത്താൻ പ്രയാസമാണ്. അതിനാൽ ക്രമരഹിതമായി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസേഴ്സ്, ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനിയേഴ്സ്, ലൈസൻസ്ഡ് ബിൽഡിംഗ് പ്ലാനേഴ്സ്, ലൈസൻസ്ഡ് ബിൽഡിംഗ് ആർക്കിടെക്റ്റ്സ് എന്നിവരുടെ ലൈസൻസ് റദ്ദാക്കലടക്കമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

എസ്.എം. വിജയാനന്ദ്

ഗവ. സെക്രട്ടറി

മുനിസിപ്പൽ ഭരണ ഡയറക്ടർ, തിരുവനന്തപുരം.

(എല്ലാ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും പകർപ്പ് നൽകേണ്ടതാണ്.)

ഡയറക്ടർ ജനറൽ ഓഫ് പോലീസ്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

(എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും പഞ്ചായത്തു സെക്രട്ടറിമാർക്കും പകർപ്പ് നൽകേണ്ടതാണ്.)

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം. (എല്ലാ (റീജിയണൽ) ടൗൺ പ്ലാനർമാർക്കും പകർപ്പ് നൽകേണ്ടതാണ്.)

എല്ലാ വികസന അതോറിറ്റി സെക്രട്ടറിമാർക്കും.

തദ്ദേശഭരണ(ഇ),(എച്ച്),(ജെ),(കെ),(എം)വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

പബ്ലിക് റിലേഷൻസ് ഡയറക്ടർ. (സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വ്യാപകമായ പത്ര പരസ്യം നൽകണമെന്നഭ്യർത്ഥിക്കുന്നു).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം XIX

13-03-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 128 (2284) ന്റെ ഉത്തരം കാണുക

GOVERNMENT OF KERALA

Abstract

Revenue Department – Land Assignment – 3.55 Acres of land in Sy. No. 2155 of Yakkara Village – Palakkad Taluk, Palakkad District in favour of Jail Department – Sanctioned – Orders issue.

Revenue (L) Department

G.O. (MS) No. 453/99/RD. Dated, Thiruvananthapuram 16.11.99,

Land : - 1. Lr. No. Lr. (K) 2-14690/99 dated 18.05.99 from the Land Revenue Commissioner, Thiruvananthapuram.

LIBRARY ARCHIVES Kerala Legislative Assembly